**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1463** **19-06-2024 - ൽ മറുപടിയ്ക്ക്**

**പറവൂർ തെക്കുംഭാഗം ജി.എച്ച്.എസ്.എസ്സിന്റെ കെട്ടിടനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ചാത്തന്നൂർ മണ്ഡലത്തിൽ ഉൾപ്പെട്ട പരവൂർ നഗരസഭയിലെ പരവൂർ തെക്കുംഭാഗം ജി.എച്ച്.എസ്.എസ്സിന് 2017-18 ബഡ്ജറ്റിൽ അനുവദിച്ച തുക വിനിയോഗിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി കിലയുടെ നിർവ്വഹണ ചുമതലയിൽ നടന്നുവരുന്ന നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ; നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | **പ്രസ്തുത സ്കൂളിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിനായി, കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് ലഭ്യമായതിനെ തുടർന്ന് നിർവഹണ ഏജൻസിയായ കില ഡി.പി.ആർ തയ്യാറാക്കി വരുന്നു.** |
| (ബി) | കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിന് മുന്നോടിയായുള്ള നടപടിക്രമങ്ങളിൽ ഇനി എന്തെല്ലാം പൂർത്തിയാക്കാനുണ്ടെന്നും അവ എന്തെല്ലാമെന്നും വിശദമാക്കാമോ; | (ബി) | **ഡി.പി.ആർ കിഫ്ബി അംഗീകരിച്ച ശേഷം സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.** |
| (സി) | പ്രസ്തുത സ്കൂൾ കെട്ടിട നിർമ്മാണത്തിനായി ബഡ്ജറ്റിൽ തുക അനുവദിച്ച് ഏഴുവർഷമായിട്ടും പ്രവൃത്തി ആരംഭിക്കാൻ കഴിഞ്ഞില്ലെന്നുള്ള കാര്യവും നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ ദീർഘമായ കാലതാമസം നേരിടുന്നുവെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം കാലതാമസം ഒഴിവാക്കി പ്രസ്തുത കെട്ടിട നിർമ്മാണം ഉടനടി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകാമോ? | (സി) | പ്രസ്തുത കെട്ടിട നിർമ്മാണത്തിനായി നിർവഹണ ഏജൻസിയായ കിലയിൽ നിന്നുള്ള സാങ്കേതിക വിഭാഗം നടത്തിയ പരിശോധനയിൽ ആകെ കവറേജ് അനുവദനീയമായ 35% ൽ അധികരിച്ചിട്ടുള്ളതായി കണ്ടെത്തിയതിനെ തുടർന്ന് നിർമ്മാണം തടസ്സപ്പെടുകയുണ്ടായി KMBR/KPBR കവറേജ് പ്രശ്നം പരിഹരിക്കുന്നതിനായി നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് ലഭിക്കുന്നതിനായി അപേക്ഷ നൽകുകയും, നടപടിക്രമങ്ങൾ പൂർത്തിയാക്കി ഇളവ് ലഭിച്ചതിനാൽ ഡി.പി.ആർ തയ്യാറാക്കി കിഫിബി യുടെ അംഗീകാരം ലഭ്യമാക്കി സാങ്കേതികാനുമതിയും വാങ്ങി അടിയന്തരമായി ടെണ്ടർ നടപടികൾ സ്വീകരിക്കുവാൻ കിലക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ